LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേന്ദ്ര ഫണ്ടിനത്തിൽ സംസ്ഥാന ബഡ്ജറ്റ് വഴി ലഭിച്ച തുകയുടെ വിശദവിവരം താഴെപ്പറയുന്നു.

വർഷം	ലഭിച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
2011-2012	2149.19	487.33
2012-2013	929.42	167.79
2013-2014	200.00	200.00
2014-2015	500.00	224.42

കേന്ദ്ര ഫണ്ടായി അനുവദിച്ച തുകയിൽ ഓരോ സാമ്പത്തികവർഷവും ചെലവഴിച്ചതിൽ ബാക്കി നിൽക്കുന്ന തുകകൾ റീ-വാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ആകയാൽ തുകകൾ ലാപ്സാകാറില്ല.

(ബി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും വാങ്ങൽ, അഗ്നിശമനസേനയുടെ ശക്തിപ്പെടുത്തൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നിവ.

(സി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായിട്ടില്ല. ആയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിഠായി തെരുവിലെ തീപിടുത്തം

253 (257) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് മിഠായി തെരുവിൽ സമീപ കാലങ്ങളിൽ എത്ര തവണ തീപിടുത്തമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റവുമൊടുവിൽ ഉണ്ടായ അഗ്നിബാധയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) അഗ്നിബാധയിലേക്ക് നയിച്ച കാരണങ്ങൾ എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) മിഠായി തെരുവിന്റെ പുനരുദ്ധാരണത്തിനും വ്യാപാരികളുടെ പുനരധിവാസത്തിനും സ്വീകരിച്ച നടപടിയും ആവിഷ്കരിച്ച പദ്ധതിയും വിശദമാക്കാമോ ;

(ഇ) നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് പ്രഖ്യാപിച്ച പാക്കേജ് വിശദമാക്കാമോ ?

ഉത്തരം

(എ) 2010 മുതൽ 2015 വരെ 67 തവണ.

(ബി) ഏകദേശം 6,04,28,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(സി) എളുപ്പത്തിൽ തീപിടിക്കുന്ന ഇണിത്തരങ്ങൾ, ഫാബ്രിക് പെയിന്റുകൾ, കെമിക്കലുകൾ, എംബ്രോയിഡറി മെറ്റീരിയൽസ് തുടങ്ങിയവ വലിയ അളവിൽ കൂട്ടിയിട്ട് വിൽക്കുന്ന മുറികളായിരുന്നു തീ പിടുത്തത്തിൽപ്പെട്ടത്. ഇലക്ട്രിക് പോയിന്റുകളുടെ സമീപത്തുപോലും ഇവ സ്റ്റോക്ക് ചെയ്തിട്ടുണ്ടായിരുന്നു. ഒരു ചെറിയ സ്പാർക്ക് ഉണ്ടായാൽപ്പോലും എളുപ്പം കത്തിപ്പിടിക്കാവുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

254 (258) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദമാക്കുമോ ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും മുൻഗണനാ പട്ടിക നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നാട്ടിക മണ്ഡലത്തിൽ റവന്യൂ വകുപ്പിൽനിന്ന് ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കൈമാറി കിട്ടിയ ഭൂമിയിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 21-12-2011-ലെ ജി.ഒ. (ആർ.റ്റി) 3764/2011/ ആഭ്യന്തര നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) നാട്ടിക മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly